# ചങ്ങമ്പുഴ അറി(പറ)യാഞ്ഞത്

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

രമണന്റെ വിലാപകാവ്യ-
ഗായകസംഘം ഏറ്റുപാടും
ഭീതിദ ദുരന്തസൂത്രവാക്യം
അംഗോപാംഗ-
മബോദ്ധരിച്ചബദ്ധമായ്
മേച്ചിൽപ്പുറം തേടും
പശ്ചാത്തലസംഗീത
വിവാദിദോഷ വൈകൃതം;

വാഴക്കൊലപാതക-
ഗ്ഗുണികൻ നിരത്തിയ
കവിടീക്കണക്ക്,
ഉത്തരകാണ്ഡപൂർവ്വേ
അയനം നടത്തും
പൗരുഷരൂപനാ-
മച്ഛൻ കൊടുത്ത
വാഗ്പാലനതന്ത്ര-
യശ്ലേഷം ചവർക്കും
ഈടറിവു തീർത്ത
അടിയറവു സൂക്തം;

മോഹിനീയസ്ഥികൂടം
സ്പന്ദിച്ചു നിലയ്ക്കും
കാട്ടാറിൻ കളാരവവിഷം
ദേവതാനിറമാറിൽ
അസന്തുലിത ഭൂഗോളമായ്
സിറിഞ്ചിലിറ്റിറ്റു വീണ
നിനദ പ്രവാഹം;

കട്ടപിടിക്കും ശ്വാസം

കറുപ്പിക്കും രക്ത-കഫക്കട്ട
ശിവക്ഷേത്രാൽത്തറയിൽ
മോചനദ്രവ്യമർപ്പിക്കും
ശ്രീദേവിയെ ഭയന്നു
ആത്മാഹുതി ചെയ്തു-
മറന്ന കഥാതന്തുവിൻ
തൂങ്ങൽജഡം തൊട്ട
സാക്ഷിപത്ര മറുമൊഴി!
********************************